# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 467 — 22-07-2015- ൽ മറുപടിക്ക്

## കപ്പൽ നിർമ്മാണ ശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ :<br>ശ്രീ. പി.തിലോത്തമൻ :<br>ശ്രീ. ജി.എസ്.ജയലാൽ :<br>ശ്രീ. ഇ.ചന്ദ്രശേഖരൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കപ്പൽ നിർമ്മാണ ശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുറമുഖ ഡയറക്ടറുടെ പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ; | (എ) & (ബി) സംസ്ഥാനത്ത് കപ്പൽ നിർമ്മാണ ശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുറമുഖ വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| (ബി) കപ്പൽ നിർമ്മാണ ശാല എവിടെ പ്രവർത്തിക്കണെമെന്നാണ് പഠന റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | |
| (സി) കേരളത്തിൽ കപ്പൽ നിർമ്മാണ ശാലയ്ക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് ; | (സി) കേരളത്തിൽ കപ്പൽ നിർമ്മാണശാലയ്ക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. |
| (ഡി) കപ്പൽ നിർമ്മാണ ശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ഡി) ഇന്ത്യയിലെ പടിഞ്ഞാറൻ തീരത്ത് രാജ്യാന്തര കപ്പൽ ശാല നിർമ്മാണത്തിനായി 13.12.2007-ൽ പൂവ്വാർ അനുയോജ്യ സ്ഥലമാണെന്ന ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ പൂവ്വാറിൽ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് വേണ്ടിവരുന്ന ഭാരിച്ച ചെലവ് കണക്കിലെടുത്ത് കപ്പൽ നിർമ്മാണ ശാലയ്ക്ക് പൂവ്വാറിന് പകരം വിഴിഞ്ഞം പരിഗണിക്കാവുന്നതാണെന്ന് 29.04.2010-ൽ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. നെയ്യാർ കടലുമായി ചേരുന്ന ഭാഗമാണ് പൂവ്വാർ എന്നതിനാൽ 'സിൽറ്റേഷൻ' സാദ്ധ്യത ഏറെയാണെന്നും ഗണ്യമായ രീതിയിൽ ഡ്രഡ്ജിംഗ് അനിവാര്യമാകുമെന്നും കൂടി അറിയിച്ചിരുന്നു. |

കൂടാതെ മേജർ പോർട്ട് കം ഷിപ് ബിൽഡിംഗ് യാർഡ് അഴീക്കലിൽ സ്ഥാപിക്കുന്നതിനായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് സ്ഥലപരിശോധന നടത്തുകയും ടി കമ്മിറ്റി 2012 ഏപ്രിൽ 11-ന് അഴീക്കൽ തുറമുഖം സന്ദർശിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരും തുടർന്നുള്ള ഘട്ടങ്ങളിൽ ഫീസിബിലിറ്റിയ്ക്കനുസൃതമായി ടി തുറമുഖം വികസിപ്പിയ്ക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന് തീരുമാനമെടുക്കാവുന്നതാണെന്ന് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

കൂടാതെ, സംസ്ഥാനത്ത് പുതുതായി കപ്പൽ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിലേയ്ക്കായി വിഴിഞ്ഞം, പൂവ്വാർ, അഴീക്കൽ എന്നീ മൂന്ന് സ്ഥലങ്ങളിൽ കൊച്ചിൻ ഷിപ്പിയാർഡ് പഠനം നടത്തി താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിക്കുകയുണ്ടായി.

i. **<u>വിഴിഞ്ഞം:</u>** വിഴിഞ്ഞം തുറമുഖത്ത് ഇപ്പോൾ ഒരു അന്താരാഷ്ട്ര തുറമുഖം വികസിപ്പിക്കുന്നതിന്റെ കൂടെ ഒരു ഷിപ്പ് യാർഡും സംയോജിപ്പിക്കുകയാണെങ്കിൽ ഉചിതമായിരിക്കും. പുലിമുട്ട്, റെയിൽ/ റോഡ് എന്നീ അടിസ്ഥാന സൗകര്യം പങ്കിടുന്നതുമൂലം സാമ്പത്തികലാഭം നേടാവുന്നതാണ്.

ii. **<u>പൂവ്വാർ</u>**: അന്താരാഷ്ട്ര കപ്പൽ ചാനൽ അടുത്തായതിനാലും ആവശ്യത്തിനുള്ള ആഴം വളരെ അടുത്തുതന്നെ ലഭ്യമായതിനാലും പൂവ്വാർ ഒരു കപ്പൽ നിർമ്മാണശാലയ്ക്ക് അനുയോജ്യമായ സ്ഥലമാണ്. എന്നാൽ പൂവ്വാർ ഒരു വെറും ഷിപ്പ് യാർഡ് മാത്രമായി വികസിപ്പിച്ചാൽ പുലിമുട്ട്, റെയിൽ/റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന തിലേയ്ക്കായി വളരെയധികം പ്രാരംഭ ചെലവുകൾ വേണ്ടിവരും.

iii. **<u>അഴീക്കൽ</u>** : കേരള സർക്കാരിന്റെ തുറമുഖ നയത്തിന്റെ ഭാഗമായി അഴീക്കൽ ഒരു കപ്പൽ നിർമ്മാണ /അറ്റകുറ്റപ്പണിശാല സ്ഥാപിക്കുന്ന തിന് കേരള തുറമുഖ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അന്താരാഷ്ട്ര കപ്പൽ ചാനലിൽ നിന്ന് വളരെ അകലെയാണ് ഇത് എന്നകാര്യവും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

അതിനാൽ കേരളത്തിൽ ഒരു കപ്പൽ നിർമ്മാണ ശാലക്കനുയോജ്യമായ സ്ഥലങ്ങൾ കൊച്ചി ഷിപ്പ് യാർഡിന്റെ റിപ്പോർട്ട് പ്രകാരം മുൻഗണനാക്രമത്തിൽ 1. വിഴിഞ്ഞം 2. പൂവ്വാർ 3. അഴീക്കൽ എന്നിങ്ങനെയാണ്.

ഷിപ്പ് യാർഡ് ഒരുക്കുന്നതിന് ഒന്നര കിലോമീറ്റർ വാട്ടർ ഫ്രണ്ടോടുകൂടിയ 100 ഏക്കർ സ്ഥലവും, മറ്റു അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ, ഇലക്ട്രിസിറ്റി, വാട്ടർ എന്നിവയും സംസ്ഥാന സർക്കാർ നൽകണമെന്നും ശുപാർശ ചെയ്തിരുന്നു.

എന്നാൽ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയതിനു ശേഷം കപ്പൽ നിർമ്മാണ ശാല പദ്ധതിയുമായി മുന്നോട്ട് പോകുന്നതായിരിക്കും ഉചിതം എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**